## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.382. 08.02.2016 ൽ മറുപടിയ്ക്ക്.

### ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്ന വാഹന ഡീലർമാർക്കെതിരെ സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ<br>,, വി.ശിവൻകുട്ടി<br>,, ആർ. രാജേഷ്<br>,, കെ.കെ. ജയചന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വാഹനങ്ങൾ വിൽക്കുന്ന ഡീലർമാർ ഹാൻഡ്ലിംഗ് ചാർജ്ജിനത്തിൽ വാഹന ഉപഭോക്താക്കളിൽ നിന്നും വൻതുക നിർബന്ധപൂർവ്വം ഈടാക്കുന്നതായുള്ള പ്രശ്നത്തിൽ വാഹന ഡീലർമാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വാഹന വിൽപ്പന നടത്തുന്ന ഡീലർമാരുടെ ഷോറൂമുകൾ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും, ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതായി സംശയിക്കപ്പെടുന്ന ഡീലർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, ഓഫീസുകളിൽ വിളിച്ചുവരുത്തി തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. അനധികൃതമായി തുക ഈടാക്കുന്നവരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുമെന്ന് അവർക്ക് താക്കീത് നൽകുകയും, ചില ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുകയും, പണം ഒടുക്കിയവരിൽ നിന്ന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പണം തിരികെ കൊടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കൈകാര്യ ചെലവിനത്തിൽ അനധികൃതമായി ഡീലർമാർ പിരിച്ചെടുത്ത തുകയെ സംബന്ധിച്ചുള്ള കണക്കുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | കണക്കുകൾ കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര വാഹനങ്ങളുടെ വിൽപന നടക്കുന്നുണ്ട്; എത്ര വാഹന ഷോറൂമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഡീലർമാർ ശരാശരി എന്ത് തുക കൈകാര്യ ചെലവിനത്തിൽ കൈപ്പറ്റുന്നതായി കണ്ടെത്തുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ; | (സി) | ഏകദേശം 6,50,000 ഓളം വാഹനങ്ങളുടെ വില്പന നടക്കുന്നുണ്ട്. 1095 വാഹന ഷോറൂമുകൾ പ്രവർത്തിക്കുന്നുണ്ട്. 5000 രൂപ വരെ കൈകാര്യ ചെലവിനത്തിൽ ഈടാക്കുന്നതായി കണ്ടെത്തുകയുണ്ടായി. ഡീലർമാർ വിവിധ നിരക്കിലാണ് ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്നത്. |
| (ഡി) | ട്രാൻസ്പോർട്ട് അധികൃതർ നടത്തിയിരുന്ന റെയ്ഡുകളിലൂടെയും മറ്റും ഈ പ്രശ്നത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വിശദമാക്കാമോ; | (ഡി) | ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്നതായി കണ്ടെത്തി. മുൻപ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ലായിരുന്നു. ട്രേഡ് സർട്ടിഫിക്കറ്റിന്റെ നിബന്ധന ലംഘനം കണ്ടെത്തി. ചില ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതായിരുന്നു. |
| (ഇ) | എത്ര വാഹന ഡീലർമാർക്കെതിരെ കേസ്സെടുക്കുകയുണ്ടായി; ആരുടെയെല്ലാം ട്രേഡ് സർട്ടിഫിക്കറ്റുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്? | (ഇ) | 50 ഡീലർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. നിപ്പൺ ടൊയോട്ട, കൊല്ലം, എസ് എസ് ഹ്യൂണ്ടായ് മോട്ടോഴ്സ്, മാവേലിക്കര, വിഷൻ ഹോണ്ട, തൃശ്ശൂർ, എം സി പി എന്റർപ്രൈസസ്, ഇൻഡസ് മോട്ടോഴ്സ്, കൊച്ചി, മുത്തൂറ്റ് മോട്ടോഴ്സ്, കൊച്ചി എന്നിവരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.